**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2410** — **30-09-2025 - ൽ മറുപടിയ്ക്ക്**

**കോതാട്- ചേന്നൂർ പാലത്തിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിലെ കടമക്കുടി ഗ്രാമപഞ്ചായത്തിൽ ഗോശ്രീ ദ്വീപ് വികസന അതോറിറ്റിയുടെ ധന സഹായത്തോടെ നിർമ്മിക്കുന്നതും തദ്ദേശ സ്വയംഭരണ വകുപ്പ് 53 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതുമായ കോതാട്-ചേന്നൂർ പാലത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ; | (എ) | കോതാട് - ചേന്നൂർ പാലം നിർമ്മാണത്തിനായി 41.14 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ളതും, ഈ പാലത്തിന്റെ ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ പൊതുമരാമത്ത് വകുപ്പ് പാലം വിഭാഗം തയ്യാറാക്കിയിട്ടുള്ളതുമാണ്. എന്നാൽ പ്രസ്തുത പദ്ധതിക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനും ടെൻഡർ നടപടികൾ സ്വീകരിക്കുന്നതിനുമുള്ള തടസങ്ങൾ ചുവടെ ചേർക്കുന്നു.<br><br>(1)**<u>13.78% സെന്റേജ് ചാർജ് ഒഴിവാക്കുന്നത്</u> :-**<br><br>പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതിയ്ക്ക് ഗോശ്രീ ദ്വീപ് വികസന അതോറിറ്റി ധന സഹായം നൽകുന്നതിനാൽ സെന്റേജ് ചാർജ് ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്.<br><br>(2) **<u>വാട്ടർ മെട്രോയുടെ സ്ഥലം ലഭ്യമാകുന്നത്</u>:-**<br><br>പാലത്തിന്റെ പില്ലറുകൾ വാട്ടർ മെട്രോക്ക് വേണ്ടി സർക്കാർ ഏറ്റെടുത്തിട്ടുള്ള ഭൂമിയിൽ വരുന്നതിനാൽ പ്രസ്തുത സ്ഥലം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട അനുമതി ഗതാഗത വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>(3) **<u>ഭൂമിയുടെ ലഭ്യത</u>:-**<br><br>ചേന്നൂർ പ്രദേശത്തെ 6 ഭൂവുടമകൾ ഭൂമി വിട്ടു നൽകുന്നതിന് സമ്മത പത്രം നൽകിയിട്ടില്ല. പൊതുമരാമത്ത് വകുപ്പ് മാനുവൽ പ്രകാരം 100% ഭൂമിയും ലഭ്യമായി കഴിഞ്ഞ ശേഷം മാത്രമേ ടെൻഡർ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളു. കോതാട് - ചേന്നൂർ പാലം നിർമ്മാണത്തിന് ആവശ്യമായിട്ടുള്ള ഭൂമി എൽ.എ. ആക്ട് പ്രകാരം ഏറ്റെടുക്കുന്നതിനായി 6(1), 4(1) |

| | | | |
|---|---|---|---|
| | | | നോട്ടിഫിക്കേഷനുകൾ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ ഭൂമിയുടെ ലഭ്യതക്ക് അനിശ്ചിതത്വം ഇല്ല എന്ന വസ്തുത കണക്കിലെടുത്തും ലഭ്യമായ സ്ഥലത്ത് നിർമ്മാണ പ്രവർത്തികൾ തുടങ്ങാൻ തടസ്സമില്ലാത്തതിനാലും, ബഹു.ഹൈക്കോടതിയിൽ ഈ വിഷയം സംബന്ധിച്ച് കേസ് നിലനിൽക്കുന്നതുകൊണ്ടും ലഭ്യമായ 83% ഭൂമി ഉപയോഗിച്ച് പാലത്തിന്റെ പണികൾ ആരംഭിക്കുന്നതിനുള്ള അനുമതി നൽകുന്ന വിഷയത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. |
| (ബി) | ഇതു സംബന്ധിച്ച തദ്ദേശ സ്വയംഭരണ വകുപ്പിലെ IA3/28/2024/LSGD നമ്പർ ഫയലിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) | കോതാട് - ചേന്നൂർ പാലം നിർമ്മാണത്തിനായി 41.14 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ളതും, ഈ പാലത്തിന്റെ ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ പൊതുമരാമത്തു വകുപ്പ് പാലം വിഭാഗം തയ്യാറാക്കിയിട്ടുള്ളതുമാണ്. എന്നാൽ പ്രസ്തുത പദ്ധതിക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനും ടെൻഡർ നടപടികൾ സ്വീകരിക്കുന്നതിനുമുള്ള തടസങ്ങൾ ചുവടെ ചേർക്കുന്നു.<br><br>(1)**<u>13.78% സെന്റേജ് ചാർജ് ഒഴിവാക്കുന്നത്</u>** :-<br><br>പൊതുമരാമത്തു വകുപ്പിന്റെ പദ്ധതിയ്ക്ക് ഗോശ്രീ ദ്വീപ് വികസന അതോറിറ്റി ധന സഹായം നൽകുന്നതിനാൽ സെന്റേജ് ചാർജ് ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്തു വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്.<br><br>(2) **<u>വാട്ടർ മെട്രോയുടെ സ്ഥലം ലഭ്യമാകുന്നത്</u>**:-<br><br>പാലത്തിന്റെ പില്ലറുകൾ വാട്ടർ മെട്രോക്ക് വേണ്ടി സർക്കാർ ഏറ്റെടുത്തിട്ടുള്ള ഭൂമിയിൽ വരുന്നതിനാൽ പ്രസ്തുത സ്ഥലം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട അനുമതി ഗതാഗത വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>(3) **<u>ഭൂമിയുടെ ലഭ്യത</u>**:-<br><br>ചേന്നൂർ പ്രദേശത്തെ 6 ഭൂവുടമകൾ ഭൂമി വിട്ടു നൽകുന്നതിന് സമ്മത പത്രം നൽകിയിട്ടില്ല. പൊതുമരാമത്തു വകുപ്പ് മാനുവൽ പ്രകാരം 100% ഭൂമിയും ലഭ്യമായി കഴിഞ്ഞ ശേഷം മാത്രമേ ടെൻഡർ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളു. കോതാട് - ചേന്നൂർ പാലം നിർമ്മാണത്തിന് ആവശ്യമായിട്ടുള്ള ഭൂമി എൽ.എ. ആക്ട് പ്രകാരം ഏറ്റെടുക്കുന്നതിനായി 6(1), 4(1) നോട്ടിഫിക്കേഷനുകൾ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ ഭൂമിയുടെ ലഭ്യതക്ക് അനിശ്ചിതത്വം ഇല്ല എന്ന വസ്തുത കണക്കിലെടുത്തും ലഭ്യമായ |

| | | | |
|---|---|---|---|
| | | | സ്ഥലത്ത് നിർമ്മാണ പ്രവർത്തികൾ തുടങ്ങാൻ തടസ്സമില്ലാത്തതിനാലും, ബഹു.ഹൈക്കോടതിയിൽ ഈ വിഷയം സംബന്ധിച്ച് കേസ് നിലനിൽക്കുന്നതുകൊണ്ടും ലഭ്യമായ 83% ഭൂമി ഉപയോഗിച്ച് പാലത്തിന്റെ പണികൾ ആരംഭിക്കുന്നതിനുള്ള അനുമതി നൽകുന്ന വിഷയത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. |
| (സി) | വർദ്ധിച്ച് വരുന്ന നിർമ്മാണ ചെലവ് കണക്കിലെടുത്ത് 83 ശതമാനം സ്ഥലമെട്ടപ്പ് പൂർത്തീകരിച്ചിട്ടുള്ള പ്രസ്തുത പാലത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ; | (സി) | കോതാട് - ചേന്നൂർ പാലം നിർമ്മാണത്തിനായി 41.14 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ളതും, ഈ പാലത്തിന്റെ ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ പൊതുമരാമത്ത് വകുപ്പ് പാലം വിഭാഗം തയ്യാറാക്കിയിട്ടുള്ളതുമാണ്. എന്നാൽ പ്രസ്തുത പദ്ധതിക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനും ടെൻഡർ നടപടികൾ സ്വീകരിക്കുന്നതിനുമുള്ള തടസങ്ങൾ ചുവടെ ചേർക്കുന്നു.<br><br>(1)**<u>13.78% സെന്റേജ് ചാർജ് ഒഴിവാക്കുന്നത്</u> :-**<br><br>പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതിയ്ക്ക് ഗോശ്രീ ദ്വീപ് വികസന അതോറിറ്റി ധന സഹായം നൽകുന്നതിനാൽ സെന്റേജ് ചാർജ് ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്.<br><br>(2) **<u>വാട്ടർ മെട്രോയുടെ സ്ഥലം ലഭ്യമാകുന്നത്</u>**:-<br><br>പാലത്തിന്റെ പില്ലറുകൾ വാട്ടർ മെട്രോക്ക് വേണ്ടി സർക്കാർ ഏറ്റെടുത്തിട്ടുള്ള ഭൂമിയിൽ വരുന്നതിനാൽ പ്രസ്തുത സ്ഥലം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട അനുമതി ഗതാഗത വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>(3) **<u>ഭൂമിയുടെ ലഭ്യത</u>**:-<br><br>ചേന്നൂർ പ്രദേശത്തെ 6 ഭൂവുടമകൾ ഭൂമി വിട്ടു നൽകുന്നതിന് സമ്മത പത്രം നൽകിയിട്ടില്ല. പൊതുമരാമത്ത് വകുപ്പ് മാനുവൽ പ്രകാരം 100% ഭൂമിയും ലഭ്യമായി കഴിഞ്ഞ ശേഷം മാത്രമേ ടെൻഡർ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളു. കോതാട് - ചേന്നൂർ പാലം നിർമ്മാണത്തിന് ആവശ്യമായിട്ടുള്ള ഭൂമി എൽ.എ. ആക്ട് പ്രകാരം ഏറ്റെടുക്കുന്നതിനായി 6(1), 4(1) നോട്ടിഫിക്കേഷനുകൾ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ ഭൂമിയുടെ ലഭ്യതക്ക് അനിശ്ചിതത്വം ഇല്ല എന്ന വസ്തുത കണക്കിലെടുത്തും ലഭ്യമായ സ്ഥലത്ത് നിർമ്മാണ പ്രവർത്തികൾ തുടങ്ങാൻ തടസ്സമില്ലാത്തതിനാലും, ബഹു.ഹൈക്കോടതിയിൽ ഈ വിഷയം സംബന്ധിച്ച് കേസ് |

| | | | |
|---|---|---|---|
| | | | നിലനിൽക്കുന്നതുകൊണ്ടും ലഭ്യമായ 83% ഭൂമി ഉപയോഗിച്ച് പാലത്തിന്റെ പണികൾ ആരംഭിക്കുന്നതിനുള്ള അനുമതി നൽകുന്ന വിഷയത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. |
| (ഡി) | പാലം നിർമ്മാണത്തിനായി വാട്ടർമെട്രോയുടെ സ്ഥലം വിട്ടുനൽകണമെന്ന ട്രാൻസ്പോർട്ട് സെക്രട്ടറി നടത്തിയ യോഗത്തിലെ തീരുമാനം നടപ്പിലാക്കാനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ? | (ഡി) | കോതാട് - ചേന്നൂർ പാലം നിർമ്മാണത്തിനായി 41.14 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ളതും, ഈ പാലത്തിന്റെ ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ പൊതുമരാമത്ത് വകുപ്പ് പാലം വിഭാഗം തയ്യാറാക്കിയിട്ടുള്ളതുമാണ്. എന്നാൽ പ്രസ്തുത പദ്ധതിക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനും ടെൻഡർ നടപടികൾ സ്വീകരിക്കുന്നതിനുമുള്ള തടസങ്ങൾ ചുവടെ ചേർക്കുന്നു.<br><br>(1)**<u>13.78% സെന്റേജ് ചാർജ് ഒഴിവാക്കുന്നത്</u> :-**<br><br>പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതിയ്ക്ക് ഗോശ്രീ ദ്വീപ് വികസന അതോറിറ്റി ധന സഹായം നൽകുന്നതിനാൽ സെന്റേജ് ചാർജ് ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്.<br><br>(2) **<u>വാട്ടർ മെട്രോയുടെ സ്ഥലം ലഭ്യമാകുന്നത്</u>**:-<br><br>പാലത്തിന്റെ പില്ലറുകൾ വാട്ടർ മെട്രോക്ക് വേണ്ടി സർക്കാർ ഏറ്റെടുത്തിട്ടുള്ള ഭൂമിയിൽ വരുന്നതിനാൽ പ്രസ്തുത സ്ഥലം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട അനുമതി ഗതാഗത വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>(3) **<u>ഭൂമിയുടെ ലഭ്യത</u>**:-<br><br>ചേന്നൂർ പ്രദേശത്തെ 6 ഭൂവുടമകൾ ഭൂമി വിട്ടു നൽകുന്നതിന് സമ്മത പത്രം നൽകിയിട്ടില്ല. പൊതുമരാമത്ത് വകുപ്പ് മാനുവൽ പ്രകാരം 100% ഭൂമിയും ലഭ്യമായി കഴിഞ്ഞ ശേഷം മാത്രമേ ടെൻഡർ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളു. കോതാട് - ചേന്നൂർ പാലം നിർമ്മാണത്തിന് ആവശ്യമായിട്ടുള്ള ഭൂമി എൽ.എ. ആക്റ്റ് പ്രകാരം ഏറ്റെടുക്കുന്നതിനായി 6(1), 4(1) നോട്ടിഫിക്കേഷനുകൾ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ ഭൂമിയുടെ ലഭ്യതക്ക് അനിശ്ചിതത്വം ഇല്ല എന്ന വസ്തുത കണക്കിലെടുത്തും ലഭ്യമായ സ്ഥലത്ത് നിർമ്മാണ പ്രവർത്തികൾ തുടങ്ങാൻ തടസ്സമില്ലാത്തതിനാലും, ബഹു.ഹൈക്കോടതിയിൽ ഈ വിഷയം സംബന്ധിച്ച് കേസ് നിലനിൽക്കുന്നതുകൊണ്ടും ലഭ്യമായ 83% ഭൂമി ഉപയോഗിച്ച് പാലത്തിന്റെ പണികൾ ആരംഭിക്കുന്നതിനുള്ള അനുമതി നൽകുന്ന |

| | | | |
|---|---|---|---|
| | | | വിഷയത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ